LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ ഒന്നുംതന്നെ സ്വീകരിക്കാൻ പാടുള്ളതല്ല. കൂടാതെ കാഷ്വൽ, ടെമ്പററി, ബദലി, കോൺട്രാക്ട്, ടെയിനി, ദിവസ വേതനം അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരെ പിരിച്ചുവിടാനോ, അവരുടെ വേതനത്തിൽ കുറവ് വരുത്താനോ പാടുള്ളതല്ല. തർക്കമുണ്ടെങ്കിൽ ഇക്കാര്യത്തിൽ തൊഴിലുടമ, കോൺട്രാക്ടർ എന്നിവരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിന് ജില്ലാ ലേബർ ഓഫീസർമാർക്ക് അധികാരം നൽകിയിട്ടുണ്ട്.

(ബി) തൊഴിൽ നഷ്ടം സംഭവിക്കുന്നവർക്ക് പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി ജോലി നൽകാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡ് സാഹചര്യത്തിൽ തൊഴിൽ നഷ്ടപ്പെട്ടവർക്ക് പുതിയ മേഖലകൾ കണ്ടെത്തി സ്വയം തൊഴിൽ ചെയ്യുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരമുള്ള സ്വയം തൊഴിൽ പദ്ധതികൾ പ്രകാരം വായ്പ/ സബ്സിഡി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടാതെ, ഇപ്രകാരം തൊഴിൽ നഷ്ടപ്പെട്ടവർക്ക് സ്വകാര്യ മേഖലയിൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതും എംപ്ലോയബിലിറ്റി സെന്റർ നടത്തുന്ന ജോബ് ഫെയറുകളിൽ പങ്കെടുക്കാവുന്നതുമാണ്. എംപ്ലോയബിലിറ്റി സെന്റർ/കരിയർ ഡെവലപ്മെന്റ് സെന്റർ/മോഡൽ കരിയർ സെന്ററുകളുമായി ബന്ധപ്പെട്ടാൽ നിലവിലെ സാഹചര്യത്തിൽ പുതിയ തൊഴിൽ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് കരിയർ ഗൈഡൻസ് സേവനങ്ങളും ലഭ്യമാകുന്നതാണ്.

സങ്കൽപ് പദ്ധതി

247(4257) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കിൽസ് അക്വിസിഷൻ ആൻഡ് നോളജ് അവെയർനസ് ഫോർ ലൈവ്ലിഹുഡ് പ്രൊമോഷൻ പദ്ധതി (SANKALP) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ സവിശേഷതകളും പ്രവർത്തന രീതിയും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കാമോ?

ഉണ്ട്. ലോക ബാങ്കിന്റെ സഹായത്തോടുകൂടി കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സങ്കൽപ് (SANKALP-Skill Acquisition and Knowledge Awareness for Livelihood Promotion). നൈപുണ്യ വികസന മിഷൻ എന്ന നിലയിൽ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ആണ് ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നത്. നൈപുണ്യ വികസനത്തിനുള്ള സംവിധാ

LIBRARY ARCHIVES Kerala Legislative Assembly

നങ്ങൾ ശക്തിപ്പെടുത്തുക, രാജ്യത്തുടനീളമുള്ള യുവാക്കൾക്ക് ഗുണനിലവാരമുള്ളതും വിപണിയിൽ അനുയോജ്യമായതുമായ പരിശീലനം ഉറപ്പുവരുത്തുക, സംസ്ഥാനത്തെ നൈപുണ്യവികസന പദ്ധതികളെ ഏകോപിപ്പിക്കുക, സ്ത്രീകൾ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡേഴ്സ് തുടങ്ങിയ വിഭാഗങ്ങൾക്ക് നൈപുണ്യവികസനത്തിലൂന്നിയ തൊഴിലധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയവയാണ് ടി പദ്ധതിയുടെ ലക്ഷ്യം. ജില്ലാ കളക്ടർ ചെയർമാനായ ഡിസ്ട്രിക്ട് സ്കില്ലിംഗ് കമ്മിറ്റികൾ ജില്ലകളുടെ സവിശേഷതകൾക്കും ആവശ്യങ്ങൾക്കും അനുയോജ്യമായി തയ്യാറാക്കുന്ന ഡിസ്ട്രിക്ട് സ്കിൽ ഡെവലപ്മെന്റ് പ്ലാനുകളെ (DSDP) ഏകോപിപ്പിച്ചുകൊണ്ട് ഒരു സംസ്ഥാന സ്കിൽ ഡെവലപ്മെന്റ് പ്ലാൻ (SSDP) തയ്യാറാക്കുകയും ഇത് നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിക്കുകയും അംഗീകാരം ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവഹണം നടപ്പിലാക്കുകയും ചെയ്യുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഫണ്ട് ലഭ്യതയും വിതരണവും ഏത് വിധത്തിലാണെന്ന് വിശദമാക്കാമോ?

സങ്കൽപ് പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ഡിസ്ട്രിക്ട് സ്കില്ലിംഗ് കമ്മിറ്റി രൂപീകരിച്ചു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഡിസ്ട്രിക്ട് സ്കിൽ കോ-ഓർഡിനേറ്റർമാരെ ജില്ലകളിൽ നിയമിച്ചിട്ടുണ്ട്. ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസറുടെ കാര്യാലയവുമായി യോജിച്ചാണ് ജില്ലാ കോ-ഓർഡിനേറ്റർമാർ പ്രവർത്തിച്ചു വരുന്നത്. 2020-21 വർഷത്തേയ്ക്കുള്ള ഡിസ്ട്രിക്ട് സ്കിൽ ഡെവലപ്മെന്റ് പ്ലാൻ (DSDP) കേന്ദ്ര സർക്കാരിന്റെ DSDP അവാർഡിന് പരിഗണിക്കുന്നതിനായി 13 ജില്ലകൾ സമർപ്പിച്ചു. 2021-22 വർഷത്തേയ്ക്കുള്ള ഡിസ്ട്രിക്ട് സ്കിൽ ഡെവലപ്മെന്റ് പ്ലാൻ (DSDP) ജില്ലകൾ തയ്യാറാക്കി വരുന്നുണ്ട്. ജില്ലകൾ സമർപ്പിക്കുന്ന പ്ലാനുകളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു സംസ്ഥാന സ്കിൽ ഡെവലപ്മെന്റ് പ്ലാൻ (SSDP) തയ്യാറാക്കുകയും 2021-22-ൽ പ്രസ്തുത പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുന്നതാണ്. ഡിസ്ട്രിക്ട് സ്കില്ലിംഗ് കമ്മിറ്റിയുടെ ചുമതലകളും ഡിസ്ട്രിക്ട് സ്കിൽ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന്റെ മാർഗ്ഗനിർദ്ദേശങ്ങളും ബോദ്ധ്യപ്പെടുത്തുന്നതിനായി KASE-ഉം കേന്ദ്ര സർക്കാരും സംയുക്തമായി ഡിസ്ട്രിക്ട് സ്കില്ലിംഗ് കമ്മിറ്റി മെമ്പർമാർക്ക് വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. സങ്കൽപ് പദ്ധതിയുടെ ഭാഗമായി കിലയുമായി (KILA) സഹകരിച്ചുകൊണ്ട് ആഗസ്റ്റ് - ഒക്ടോബർ മാസങ്ങളിൽ (2021) ഡിസ്ട്രിക്ട് സ്കില്ലിംഗ് കമ്മിറ്റി അംഗങ്ങൾക്ക് പരിശീലനം നല്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡിസ്ട്രിക്ട് സ്കില്ലിംഗ് കമ്മിറ്റിയുമായി സഹകരിച്ചുകൊണ്ട് ടി പദ്ധതിയുമായി ബന്ധപ്പെട്ടുള്ള മറ്റ് പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. സങ്കൽപ് പദ്ധതിയുടെ പ്രവർത്തനത്തിനുള്ള ഫണ്ടിൽ 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ഉൾപ്പെട്ടിരിക്കുന്നു. ഈ തുക കേന്ദ്ര സർക്കാർ വഴി സംസ്ഥാന സർക്കാരിലേയ്ക്കും അതുവഴി കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ (KASE) SANKALP പദ്ധതിക്കായുള്ള പി.എഫ്.എം.എസ്. (PFMS) ബാങ്ക് അക്കൗണ്ടിലേയ്ക്കും ലഭിക്കുന്നു. SANKALP പദ്ധതിയുടെ ആദ്യ ഗഡുവായി Rs.10,15,50,000 രൂപ (പത്തു കോടി പതിനഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. കൂടാതെ സങ്കൽപ് പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയ്ക്ക് മാത്രമായി 16.67 ലക്ഷം രൂപ ആസ്പിറേഷണൽ ഡിസ്ട്രിക്ട് പ്രോഗ്രാം (Aspirational District Programme) ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. ആയത് ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ജില്ലാ സ്കിൽ കമ്മിറ്റികളുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഡിസ്ട്രിക്ട് സ്കില്ലിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും ചുവടെ ചേർക്കുന്നു:

1. ഡിസ്ട്രിക്ട് സ്കില്ലിംഗ് കമ്മിറ്റി യോഗങ്ങൾ കൂടുക

2. ഡിസ്ട്രിക്ട് സ്കിൽ ഡെവലപ്മെന്റ് പ്ലാൻ (DSDP) തയ്യാറാക്കുക.

3. ഹ്രസ്വകാല നൈപുണ്യ പരിശീലനവുമായി ബന്ധപ്പെട്ട് ജില്ലയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

4. വിവിധ വ്യാവസായിക പങ്കാളികളുമായി സഹകരിച്ചുകൊണ്ട് ഹ്രസ്വകാല നൈപുണ്യ പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽ നല്കുന്നതിനായുള്ള ആവശ്യമായ ഇടപെടലുകൾ നടത്തുക.

5. ഹ്രസ്വകാല സ്കിൽ ട്രെയിനിംഗുമായി ബന്ധപ്പെട്ട് സംസ്ഥാനം നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങളുടെ ജില്ലയിലെ മേൽനോട്ടം വഹിക്കുകയും വിലയിരുത്തുകയും ചെയ്യുക.

6. സങ്കൽപ് പദ്ധതിയുടെ അനുമതി ഉത്തരവിൽ പറയുന്ന മറ്റ് പ്രവർത്തനങ്ങൾ സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസുമായി (KASE) സഹകരിച്ചുകൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജില്ലാ സ്കിൽ കമ്മിറ്റിയിൽ ഉൾപ്പെടുന്ന സർക്കാർ വകുപ്പുകളും മറ്റ് വകുപ്പുകളും ഏതെന്ന് വ്യക്തമാക്കാമോ?

ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ സ്കിൽ കമ്മിറ്റിയിൽ ബന്ധപ്പെട്ട ജില്ലയുടെ താഴെപ്പറയുന്ന സർക്കാർ വകുപ്പുകളിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർ അംഗങ്ങളാണ്:

1. ആസൂത്രണ വകുപ്പ്

2. പൊതുവിദ്യാഭ്യാസ വകുപ്പ്

3. സാമൂഹ്യ നീതി വകുപ്പ്

4. തൊഴിലും നൈപുണ്യവും വകുപ്പ്

5. എംപ്ലോയ്മെന്റ് & ട്രെയിനിംഗ് വകുപ്പ്

6. യുവജന ക്ഷേമ വകുപ്പ്

7. തദ്ദേശഭരണ വകുപ്പ്

8. ഫിഷറീസ് വകുപ്പ്

9. പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്

10. വ്യവസായ വകുപ്പ്

11. ലീഡ് ബാങ്ക്

12. നബാർഡ്.

ശരണ്യ പദ്ധതി

248(4258) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പ് മുഖേന വനിതകൾക്കായി നടപ്പിലാക്കുന്ന ശരണ്യ സ്വയം തൊഴിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത അശരണരായ വനിതകൾക്ക് സ്വയം തൊഴിൽ